

# ജനാധികാരത്തിന്റെ സാധ്യതകൾ

**അർത്ഥവത്തായ സംവാദങ്ങളൊന്നും സൃഷ്ടിക്കാനാകാതെ മുഖ്യധാരാ രാഷ്ട്രീയകക്ഷികൾ പരാജയപ്പെടുന്ന ഒരു തെരഞ്ഞെടുപ്പ് കാലം കൂടി കടന്നുപോവുകയാണ്. സാമൂഹിക താത്പര്യങ്ങൾ ഭരണകൂട രാഷ്ട്രീയത്തിൽ നിന്നും പൂർണ്ണമായും ഒഴിഞ്ഞുപോയിരിക്കുന്നു. അധികാരം നിലനിർത്താനുള്ള വോട്ടിംഗ് ഉപാധിമാത്രമായി ജനം മാറ്റപ്പെടുന്നു. രാഷ്ട്രീയം ഒഴിഞ്ഞുപോയ ഒരു തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തുന്ന ഒരു ഭരണകൂടത്തിന്റെ വ്യവഹാരങ്ങളിൽ രാഷ്ട്രീയമുണ്ടാകുന്നത് എങ്ങനെയാണ്? അരാഷ്ട്രീയവും ജനവിരുദ്ധവുമായ ഭരണം ഏത് മുന്നണിവന്നാലും സംജാതമാകാൻ സാധ്യതയുള്ളതിനാൽ രാഷ്ട്രീയബോധമുള്ള പൗരസമൂഹം വരും നാളുകളിൽ പരിഗണിക്കപ്പെടേണ്ട സാമൂഹിക അജണ്ടകൾ പൊതുസമൂഹത്തിനും ഭരണകൂടത്തിനും മുന്നിൽ വയ്ക്കേണ്ടിയിരിക്കുന്നു. അതിനുള്ള ഒരു ശ്രമം തുടങ്ങുകയാണ് ഇവിടെ. ജനാധികാരത്തിന്റെ സാധ്യതകളുമായി കേരളീയം തെരഞ്ഞെടുപ്പ് ചർച്ച തുടരുന്നു.**